CCM(24) 2015-16

# വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 16.12.2015-ലെ യോഗ നടപടിക്കുറിപ്പ്

യോഗം ഉച്ചയ്ക്ക് 2.00 മണിക്ക് ബഹു. പഞ്ചായത്ത് വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ നിയമസസഭാ മന്ദിരത്തിലെ അദ്ദേഹത്തിന്റെ ചേമ്പറിൽ ആരംഭിച്ചു

സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 09.12.2015-ലെ മിനിട്സ് അംഗീകരിച്ചു

**2. പൊതുവിഷയങ്ങൾ**

2.1 **1203** തദ്ദേശഭരണ സ്ഥാപനങ്ങൾ **1360.22**കോടി രൂപ (**22.38**%) ചെലവഴിച്ച തായും ഇതിൽ **978** ഗാമപഞ്ചായത്തുകൾ **795.85** കോടി രൂപയും (**25.03** %), **149**ബ്ലോക്ക് പഞ്ചായത്തുകൾ **159.04** കോടി രൂപയും **(21.73%), 14** ജില്ലാ പഞ്ചായത്തുകൾ **170.58** കോടി രൂപയും (**18.78**%), **57**മുനിസിപ്പാലിറ്റികൾ **140.82**കോടി രൂപയും, (**21.94**%), **5** കോർപ്പറേഷനുകൾ **93.82**കോടി രൂപയും (**23.58**%), ചെലവഴിച്ചതായി റിപ്പോർട്ട് ചെയ്തു.

2.2 2015-16 വാർഷിക പദ്ധതിയിൽ ഏറ്റെടുത്തതും എന്നാൽ പ്രായോഗികമായി നടപ്പിലാക്കാൻ പ്രയാസമുള്ളതുമായ പ്രോജക്ടുകൾ ഭേദഗതി ചെയ്യാൻ അനുവദിക്കണമെന്ന് നിരവധി തദ്ദേശഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെട്ടിരിക്കുന്ന തായി യോഗം നിരീക്ഷിച്ചു. തത്സംബന്ധമായി താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു.

1) ഒരിക്കൽ ജില്ലാ ആസൂത്രണ സമിതി അംഗീകാരം നൽകിയ പ്രോജക്ടുകൾക്ക് പുതിയ ഭരണ സമിതികൾ നിലവിൽ വന്നതുകൊണ്ടുമാത്രം ഭേദഗതി വരുത്തുന്നത് ഉചിതമല്ല. പുതുതായി രൂപീകരിച്ച മുനിസിപ്പാലിറ്റികളിൽ പഞ്ചായത്ത് ആയിരുന്ന കാലയളവിൽ നടത്തിയിരുന്ന വിവിധ പദ്ധതികളിലെ നിർമ്മാണ പ്രവർത്തനങ്ങൾ അതേപടി തുടരാൻ 05.12.2015-ലെ ജി.ഒ(ആർ.റ്റി)3655/15/തസ്വഭവ പ്രകാരം നിർദ്ദേശമുള്ളതായും യോഗം നിരീക്ഷിച്ചു. പുതിയ മുനിസിപ്പാലിറ്റികളായി മാറുകയോ നഗരസഭകളിലേയ്ക്ക് കൂട്ടിച്ചേർക്കപ്പെടുകയോ ചെയ്ത പ്രദേശങ്ങളിൽ ജില്ലാ/ബ്ലോക്ക് പഞ്ചായത്തുകളിൽ ഏറ്റെടുത്ത പ്രോജക്ടുകൾ അതേപടി നടപ്പുസാമ്പത്തിക വർഷാവസാനം വരെ തുടരാവുന്നതാണ്.

2) എന്നാൽ നടപ്പാക്കാൻ പ്രായോഗികമായി ബുദ്ധിമുട്ടുള്ള പ്രോജക്ടുകൾ നിർവഹണ ഉദ്യോഗസ്ഥനും വെറ്റിംഗ് ഓഫീസറും സാക്ഷ്യപ്പെടുത്തുകയാണെങ്കിൽ മാത്രം ഭേദഗതി ചെയ്ത് പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണ്. അപ്രകാരം ഏറ്റെടുക്കുന്ന പുതിയ പ്രോജക്ടുകൾക്ക് അഡ്ഹോക്ക് ഡി.പി.സി.യുടെ അംഗീകാരം നേടേണ്ടതാണ്.

3) ടെണ്ടർ സേവിംഗ്സ് വരുന്ന സാഹചര്യത്തിൽ ഏറ്റെടുക്കുന്ന പ്രോജക്ടുകൾക്ക് അഡ്ഹോക്ക് ഡി.പി.സി.യുടെ അംഗീകാരം നേടേണ്ടതാണ്.

4) ജൈവ പച്ചക്കറി കൃഷി ഉൾപ്പെടെയുള്ള കാർഷിക വികസന പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകേണ്ടതാണ്.

5) പദ്ധതി ഭേദഗതി ചെയ്യുന്നതിന് 2016 ജനുവരി 15 വരെ സമയം അനുവദിക്കുന്നതാണ്. സുലേഖ സോഫ്ട് വെയറിൽ ഇതിന് വേണ്ട ക്രമീകരണം ഐ.കെ.എം. നടത്തേണ്ടതാണ്.

6) പ്രോജക്ടുകളുടെ ഭേദഗതികൾക്ക് 25.11.2015-ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗം 2.5 തീരുമാനപ്രകാരം നിശ്ചയിച്ച അഡ്ഹോക്ക് ഡി.പി.സി.യുടെ അംഗീകാരം മതിയാകും.

**2.3** ഒരേ സ്വഭാവമുള്ള പദ്ധതികൾ വകുപ്പു തലത്തിലും തദ്ദേശഭരണ സ്ഥാപന തലത്തിലും നടപ്പിലാക്കുമ്പോൾ മാനദണ്ഡങ്ങൾക്ക് ഐകരൂപ്യം വേണമെന്ന ആവശ്യം ചർച്ച ചെയ്യുകയും വിവിധ വകുപ്പുകൾ നടപ്പിലാക്കുന്ന പദ്ധതികൾ തന്നെ തദ്ദേശഭരണ സ്ഥാപനങ്ങളും ഏറ്റെടുക്കുന്ന പ്രവണത ഒഴിവാക്കേണ്ടതാണെന്നു നിർദ്ദേശിക്കുകയും അത് ഇരട്ടിപ്പിനിടയാക്കുമെന്ന് നിരീക്ഷിക്കുകയും ചെയ്തു. നൂതനമായ പ്രോജക്ടുകൾ ഏറ്റെടുക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങൾ അവർക്കുള്ള സ്വാതന്ത്ര്യം ഉപയോഗപ്പെടുത്താനുള്ള ആർജവമാണ് തദ്ദേശഭരണ സ്ഥാപനങ്ങൾ കൈക്കൊള്ളേണ്ടത് എന്നും യോഗം അഭിപ്രായപ്പെട്ടു.

**2.4** പദ്ധതി ആസൂത്രണ മാർഗരേഖയും സബ്സിഡിയും അനുബന്ധ വിഷയങ്ങളും പരിഷ്ക്കരിച്ചതിന്റെ കരട് കില സമർപ്പിച്ചത് യോഗം പരിഗണിക്കുകയും കൂടുതൽ വിശദമായ ചർച്ചയും അന്തിമ തീരുമാനവും 23.12.2015-ൽ ചേരുന്ന യോഗത്തിൽ സ്വീകരിക്കാമെന്ന് തീരുമാനിക്കുകയും ചെയ്തു.

## 3 പ്രത്യേക വിഷയങ്ങൾ

### 3.1 വടകര ബ്ലോക്ക് പഞ്ചായത്ത് (ഫയൽനം.404/ഡി.ഡി.2/15/തസ്വഭവ)

വനിത ഗ്രൂപ്പുകൾ മുഖേന ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ നാലു ഗ്രാമപഞ്ചായത്തുകളിൽ വാഴക്കൃഷി നടപ്പാക്കുന്നതിന് ആദ്യം ഗുണഭോക്തൃ വിഹിതം ചെലവഴിക്കേണ്ടതാണെന്നും അതിനുശേഷം മാത്രമേ പദ്ധതി വിഹിതം വിനിയോഗിക്കാവൂ എന്നുമുള്ള നിബന്ധനയ്ക്ക് വിധേയമായി അംഗീകാരം നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

### 3.2 കോട്ടയം ജില്ല പഞ്ചായത്ത് ഫയൽ നം.52/എ.സി.3/52/15

അക്രഡിറ്റഡ് ഏജൻസികൾ മുഖേന 2009-10 വർഷം നടപ്പാക്കിയ മരാമത്ത് പണികൾക്ക് 8 ശതമാനം നിരക്കിൽ സെന്റേജ് ചാർജ് അനുവദിച്ച നടപടിക്ക് തദ്ദേശസ്വയംഭരണ വകുപ്പിന്റെ അംഗീകാരമില്ല എന്നു യോഗം നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

### 3.3 മൺട്രോ തുരുത്ത് ഗ്രാമപഞ്ചായത്ത്

2000 മുതൽ 2006 വരെ കാലയളവിലെ തെരുവുവിളക്ക് കറണ്ട് ചാർജ് കുടിശ്ശിക 2015-16 വർഷത്തെ മെയിന്റനൻസ് ഗ്രാന്റിൽ നിന്ന് അടയ്ക്കാൻ അനുവദിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

### 3.4 മാണിക്കൽ ഗ്രാമപഞ്ചായത്ത്

പൊതു വിഷയങ്ങൾ 2.3 തീരുമാനം ബാധകം.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

### 3.5 മാണിക്കൽ ഗ്രാമപഞ്ചായത്ത്

കാർഷിക വികസന പ്രോജക്ടുകളിൽ സർക്കാർ ജീവനക്കാർ അംഗങ്ങളായ കുടുംബങ്ങളെക്കൂടി ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഷ്ക്കരിച്ച സബ്സിഡി മാർഗരേഖ അംഗീകരിക്കുന്ന അവസരത്തിൽ പരിശോധിക്കാമെന്നു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.6 മലപ്പുറം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ കത്ത്**

പ്രോജക്ട് ഭേദഗതി സംബന്ധിച്ച് ഇനം 2.2 തീരുമാനം ബാധകം. സബ്സിഡി മാർഗരേഖയിലെ ഭേദഗതി സംബന്ധിച്ച് ഇനം 2.3 തീരുമാനം ബാധകം.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.7 തൃശൂർ ജില്ലാ ലേബർ കോൺട്രാക്ട് സൊസൈറ്റി 1389 ന്റെ അപേക്ഷ**

സൊസൈറ്റിയിൽ നിക്ഷേപം നടത്തുന്നത് സംബന്ധിച്ച വിഷയം കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിധിയിൽ വരുന്നതല്ലെന്ന് യോഗം നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.8 മൊഗ്രാൽപുത്തൂർ ഗ്രാമപഞ്ചായത്ത്**

**ബഹു. കാസറഗോഡ് എം.എൽ.എ ശ്രീ.എൻ.എ നെല്ലിക്കുന്ന് മുഖാന്തിരം**

തെരുവുവിളക്കുകൾക്ക് മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നതിനായി ചെലവിന്റെ പകുതി 2012-13-ൽ കെ.എസ്.ഇ.ബി.യിൽ അടച്ച സമയത്ത് പഞ്ചായത്തും കെ.എസ്.ഇ.ബി.യും തമ്മിൽ ഒപ്പു വച്ച കരാർ പ്രകാരം നടപടികൾ ഉണ്ടാകേണ്ട താണെന്നും അതിനായി ഗ്രാമപഞ്ചായത്തിന് നിയമ നടപടികൾ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കാവുന്നതാണെന്നും യോഗം നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.9 മുട്ടാർ ഗ്രാമപഞ്ചായത്ത്**

മിത്രക്കരി മേഖലയിലെ തോടുകളിൽ നിറഞ്ഞു കിടക്കുന്ന പോളയും കടകലും മറ്റും നീക്കം ചെയ്യുന്നത് ആസ്തി സംരക്ഷണ (Asset Protection) പ്രവൃത്തി എന്ന നിലയിൽ തൊഴിലുറപ്പു പദ്ധതിയിലൂടെ ഏറ്റെടുക്കാൻ കഴിയുമെന്ന് യോഗം നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.10 കോട്ടയ്ക്കൽ മുനിസിപ്പാലിറ്റി**

ചങ്കുവെട്ടിയിലുള്ള അൽമാസ് ആശുപത്രിയുമായി ചേർന്ന് വൃക്ക രോഗികൾക്ക് ഡയാലിസിസ് നടത്തുന്നതിനുള്ള പദ്ധതിയിൽ 40% അൽമാസ് ആശുപത്രിയും 40% മുനിസിപ്പാലിറ്റിയുടെ തനത് ഫണ്ടിൽ നിന്നും ബാക്കി 20% പൊതു ജനങ്ങളിൽ നിന്ന് സമാഹരിച്ചും ചെലവഴിക്കുന്നതിന് അനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.11 എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയറുടെ കത്ത്**

ഇ-ടെണ്ടർ ഫീസ് ഉപയോഗിച്ച് കോഴിക്കോട് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിലേയ്ക്ക് വാഹനം വാങ്ങുന്നതിന് അനുമതി നൽകണമെന്ന ആവശ്യം വകുപ്പുതലത്തിൽ പരിശോധിക്കുന്നതിനായി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.12 ആലങ്കോട് ഗ്രാമപഞ്ചായത്ത്**

പന്താവൂർ ലിഫ്റ്റ് ഇറിഗേഷൻ സ്കീം പൂർത്തീകരണത്തിന് കെ.എസ്.ഇ.ബിയിൽ ഡെപ്പോസിറ്റ് ചെയ്യുന്നതിന് തനത് ഫണ്ടിൽ നിന്നും 2,50,000 രൂപ വിനിയോഗിക്കാൻ അനുവദിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.13 ഫറോക്ക് നഗരസഭ**

നഗരസഭയുടെ ചെയർപേഴ്സന്റെ ഉപയോഗത്തിന് പുതിയ ഔദ്യോഗിക വാഹനം അനുവദിക്കണമെന്ന ആവശ്യത്തിന്മേൽ നിലവിലെ നിർദ്ദേശങ്ങൾക്ക് അനുസൃതമായി 10 ലക്ഷം രൂപയിൽ കവിയരുതെന്ന നിബന്ധനയ്ക്ക് വിധേയമായി വാഹനം വാങ്ങാൻ നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

(യോഗം ഉച്ചയ്ക്ക് ശേഷം 3 മണിക്ക് അവസാനിച്ചു)

**അടുത്ത കോഓർഡിനേഷൻ കമ്മിറ്റി യോഗം ഡിസംബർ 23-ന് രാവിലെ 8 മണിക്ക് ബഹു. മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ ചേരുന്നതാണ്.**